കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് — 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.4 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 3444/15/തസ്വഭവ. തിരുവനന്തപുരം, തീയതി:20/11/2015

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/11/2014-ലെ 43151/14 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22/06/2015-ലെ എൽ.എഫ്. 589/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം 2009-10 വർഷത്തെ വികസന ഫണ്ടിൽ നിന്നും ഹരിശ്രീ അനുബന്ധ ചെലവുകൾ- ഹൈസ്കൂൾ വിദ്യാഭ്യാസം ഗുണ നിലവാരം മെച്ചപ്പെടുത്തൽ' എന്ന പദ്ധതിക്കായി ചെലവഴിച്ച 10,000/- രൂപ (പതിനായിരം രൂപ മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഓഡിറ്റ് തീരുമാനത്തിന്റെ പകർപ്പും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്തിലെ ഏക ഹൈസ്കൂൾ പെരിങ്ങോട് ഹൈസ്കൂൾ ആയിരുന്നതിനാലും ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയെന്ന സദുദ്ദേശത്തോടുകൂടിയാണ് പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുള്ളതെന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ പരിഗണിച്ച് 10,000/- രൂപയുടെ ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എതിരഭിപ്രായമില്ലെന്ന് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

......2

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും, പഞ്ചായത്ത് ഡയറക്ടറുടെയും പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 10,000/- (പതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

റ്റി.വിജയൻ

**ഡെപ്യൂട്ടി സെക്രട്ടറി**

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ